K20U 1894

Reg. No.: ...............................

Name : ...................................

GOVT. BRENNEN COLLEGE THALASSERY LIBRARY

**III Semester B.A. Degree CBCSS (OBE) – Regular Examination, November 2020**
**(2019 Admission Only)**
**CORE COURSE IN MALAYALAM**
**3B03 MAL : മലയാളസാഹിത്യ വിമർശനം**

Time : 3 Hours Max. Marks : 40

**300** വാക്കിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. സി.പി. അച്യുതമേനോന്റെ വിമർശനത്തിന്റെ സവിശേഷതകൾ സുഭദ്രാർജ്ജുന നിരൂപണത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

2. 'അധികാരവാഞ്ഛയുടെ ഉൽകർഷേച്ഛയുടെ പരോല്ലതർഷാ സഹിഷ്ണുത്വത്തിന്റെ കേവലീകൃതമായ വിശ്വരൂപമത്രേ ദുര്യോധനൻ', മാരാരുടെ ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

3. കുടിയൊഴിക്കൽ എന്ന കവിതയെക്കുറിച്ച് എം. എൻ. വിജയൻ മുന്നോട്ടുവയ്ക്കുന്ന നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

4. സിതാരയുടെയും രേഖയുടെയും കഥകൾ സ്ത്രീ ശരീരത്തിന്റെ ഇര എന്ന സ്ഥാപനവത്കരിക്കപ്പെട്ട നിലയെ വ്യത്യസ്തമായ രീതിയിൽ അട്ടിമറിക്കുന്നുണ്ട്. ലേഖികയുടെ ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക. **(2×7=14)**

**150** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

5. മലയാളസാഹിത്യ വിമർശനത്തിൽ ഏ. ആർ. രാജരാജവർമ്മയുടെ സംഭാവനകൾ ക്രോഡീകരിക്കുക.

6. ജീവിതത്തിലെ ദയനീയങ്ങളായ വിപര്യയങ്ങളാണ് ബാല്യകാലസഖിയിലെ പ്രതിപാദ്യവസ്തു എന്നുപറയാൻ കാരണമെന്ത് ?

7. കേവലം ആത്മാന്വേഷണത്തിന്റെ കവിതകൾ മാത്രമായിരുന്നില്ല, ജീവിതത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്നവ കൂടിയായിരുന്നു ജി. യുടെ കവിതകൾ – വിശദീകരിക്കുക.

8. മനുഷ്യന്റെ ദാരുണമായ അവസ്ഥയുടെ നേർക്കുള്ള നിരാനന്ദത്തിന്റെ ചിരിയാണ് ഖസാക്കിന്റെ ഇതിഹാസത്തിൽ കാണുന്നത്. വ്യക്തമാക്കുക.

P.T.O.

9. ഗാന്ധിയൻ ദേശീയതാവാദത്തിലെ സ്ത്രീസങ്കല്പത്തിന്റെ തുടക്കം കുമാരനാശാനിൽ കണ്ടെത്താം – വ്യക്തമാക്കുക.

10. പാരമ്പര്യവുമായി സംഘർഷത്തിലേർപ്പെട്ടു നിൽക്കുന്ന ഒരാധുനികന്റെ അന്വേഷണങ്ങളാണ് വള്ളത്തോളിന്റെ പില്ക്കാല രചനകളിൽ ദൃശ്യമാകുന്നത്. പരിശോധിക്കുക. **(4×3=12)**

100 വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. വിദ്യാവിഷയകമായ എല്ലാ കാര്യത്തിലും സ്ത്രീക്കും രാജാക്കന്മാർക്കും പ്രത്യേകമായ ഒരു മെച്ചമുണ്ട് എന്ന് സി. പി. പറയാൻ കാരണമെന്ത് ?

12. സുഭദ്രാർജ്ജുനം നാടകത്തിലെ നാലാമങ്കത്തിലെ സുഭദ്ര-അർജ്ജുന സംവാദത്തിന് നിരൂപകൻ കാണുന്ന ന്യൂനതകളെന്തെല്ലാം ?

13. കേസരിയുടെ അഭിപ്രായത്തിൽ ചങ്ങമ്പുഴയുടെ പ്രത്യയശാസ്ത്രമെന്തായിരുന്നു ?

14. ചങ്ങമ്പുഴയുടെ നിതാന്ത സാന്നിധ്യം വൈലോപ്പിള്ളിക്കവിതയിലുണ്ടെന്ന വാദത്തിന് ലേഖകൻ ഉദാഹരിക്കുന്ന കാവ്യഭാഗങ്ങളേതെല്ലാം ?

15. മലയാളത്തിലെ ഭാവകാവ്യത്തിന് ജി. ശങ്കരക്കുറുപ്പ് കരുത്ത് പകർന്നതെങ്ങനെ ?

16. പുരുഷന്റെ നോട്ടത്തിലുള്ള ആദർശ വനിതയാണ് മഞ്ഞിലെ വിമല എന്ന് ലേഖകൻ പറയാൻ കാരണമെന്ത് ? **(4×2=8)**

**നാലെണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17. കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

18. കേസരി എ. ബാലകൃഷ്ണപ്പിള്ള.

19. സുകുമാർ അഴീക്കോട്.

20. എസ്. ഗുപ്തൻ നായർ.

21. സ്ത്രീവാദ നിരൂപണം.

22. സാംസ്കാരിക വിമർശനം. **(4×1½=6)**

---